**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - കൊച്ചി നഗരസഭയിലെ സീനിയർ ക്ലാർക്ക് - ശ്രീമതി. ജലജ.കെ.എം.- പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 3166/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.12.2018

---

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 02.06.2018 തിയതിയിലെ ഇ 3- 8974/18 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ, സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ 28.11.2008 ജോലിയിൽ പ്രവേശിച്ച ശ്രീമതി. ജലജ.കെ.എം. എന്ന ജീവനക്കാരിയുടെ പ്രൊബേഷൻ 27.11.2010 തീയതിയിൽ പൂർത്തിയായിരുന്നുവെങ്കിലും പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിയ്ക്കുന്നതിന് ആവശ്യമായ വകുപ്പുതല പരീക്ഷകൾ ടിയാൾ പാസ്സായിരുന്നില്ല എന്നും 25.05.1962 ജനന തീയതിയായ ടിയാൾക്ക് 25.05.2012 തീയതിയിൽ 50 വയസ്സ് പൂർത്തിയായതിനാൽ പ്രൊബേഷൻ കാലയളവ് ഒരു വർഷത്തേക്ക് (27.11.2011 വരെ) നഗരകാര്യഡയറക്ടർ ദീർഘിപ്പിച്ച് നൽകിയതായും ആയതിനാൽ 25.05.2012 തീയതിയിൽ ടിയാളുടെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കരീതിയിൽ പ്രൊബേഷൻ കാലയളവ് 26.05.2012 വരെ ദീർഘിപ്പിച്ചുനൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 31.05.2018 തീയതിയിൽ സേവനത്തിൽ നിന്നുംവിരമിച്ച ശ്രീമതി ജലജ. കെ. എം. 25.05.2012 തീയതിയിൽ 50 വയസ്സ് പൂർത്തിയായതിന്റെ ആനുകൂല്യം നൽകി KS& SSRs ഭാഗം II ചട്ടം 13 B യുടെ 4- ാം മത്തെ പ്രൊവിസോയുടെ അടിസ്ഥാനത്തിൽ നിർബന്ധിത വകുപ്പുതല പരീക്ഷകൾ (obligatory test) പാസ്സാകുന്നതിൽ നിന്ന് ഇളവ് നൽകി, ടിയാളുടെ നിരീക്ഷണകാലം 25.05.2012 FN തീയതിയിൽ വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കുമാറ് നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ 27.11.2011 ന തൊട്ടടുത്ത ദിവസം മുതൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിയ്ക്കുന്നതിന് തൊട്ടടുത്ത ദിവസം വരെ അതായത് 26.05.2012 വരെ കെ.എസ്.& എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചും വിജയകരമായി പൂർത്തിയാക്കിയതായി

പ്രഖ്യാപിക്കുന്നതിന് മുമ്പ് ഈ ജീവനക്കാരിയെ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി ക്രമവത്കരിച്ചും ഉത്തരവാകുന്നു.

3. കെ.എസ്.& എസ് എസ് ആറിലെ വ്യവസ്ഥകൾ അനുസരിച്ച ജീവനക്കാരുടെ പ്രൊബേഷൻ യഥാസമയം തന്നെ പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.

ശ്രീമതി.ജലജ. കെ എം, സീനിയർ ക്ലാർക്ക്, കൊച്ചി കോർപ്പറേഷൻ

(നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ